ശ്രീ. കെ. കെ. ബാലകൃഷ്ണൻ: 1985-86-ൽ മിഡിൽ ഇൻകം ഗ്രൂപ്പ് ഹൗസിങ് സ്കീമിനും ലോ ഇൻകം ഗ്രൂപ്പ് ഹൗസിങ് സ്കീമിനും വേണ്ടി പത്തുലക്ഷംരൂപ മാറ്റിവെച്ചുവെന്ന് പറഞ്ഞു. അതിൽ എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്; എത്രലക്ഷം രൂപചെലവായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: ഈവർഷം കൊടുത്തിരിക്കുന്ന നിർദ്ദേശം ഞാൻ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഷൺമുഖദാസ് ഇവിടെ പറഞ്ഞ പരാതി വളരെ ശക്തിയായി വന്നു. കഴിഞ്ഞ തവണ ഒന്നും രണ്ടും ഗഡുക്കൊടുത്തിട്ട് ബാക്കി കൊടുക്കാത്തതുകൊണ്ട് ആ വീട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ ഗഡുക്കം കൊടുത്തുതീർത്തതിനുശേഷം പുതിയ വീടുകൾക്ക് അനുവാദം കൊടുത്താൽമതിയെന്ന നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

(ചോദ്യം 261 എടുത്തില്ല.)

19.9.1985-ലെ കെ. എസ്. ആർ. ടി. സി. പണിമുടക്ക്

* [262] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, സി. വാസുദേവമേനോൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്റ്റംബർ 19-ാം തീയതി മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലാളികളെ അനിശ്ചിതകാലത്തേക്ക് പണിമുടക്കുമെന്ന് കാണിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികളാണ് ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്;

(സി) പണിമുടക്കിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പണിമുടക്ക് ഒഴിവാക്കുന്നത് സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി സർക്കാർ കൂടിയാലോചന നടത്തിയോ;

(ഇ) ഇല്ലെങ്കിൽ അപ്രകാരം ഒരു കൂടിയാലോചനയ്ക്ക് ഉദ്ദേശ്യമുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഉണ്ട്

(ബി) കെ. എസ്. ആർ. ടി. സി. യിലെ 14 അംഗീകൃത യൂണിയനുകളിൽ 12 യൂണിയനുകളും കെ. എസ്. ആർ. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly

വർക്കേഴ്സ് യൂണിയനിലെ ഒരു ഗ്രൂപ്പും പണിമുടക്കു നോട്ടീസു നൽകിയിട്ടുണ്ട്. എല്ലാവിഭാഗം തൊഴിലാളികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) കാരണങ്ങൾ ചുരുക്കത്തിൽ വിവരിക്കുന്നു.

1. 2-3-1985 ന് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ട്രാൻസ്പോർട്ടിലെ അംഗീകൃതയൂണിയനുകൾക്ക് രേഖാമൂലം നൽകിയ ഉറപ്പിന് കടകവിരുദ്ധമായി കൂടുതൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉണ്ടാക്കരുത്. വാട്ടർ ട്രാൻസ്പോർട്ട് വിഭാഗം കെ.എസ്.ആർ.ടി.സി. യിൽനിന്നും വേർപെടുത്തരുത്.

2. ദേശസാൽകൃത മേഖലയിൽ സ്വകാര്യ ബസ്സുടമകൾക്ക് ഓവർലാപ്പിങ് സൗകര്യം ചെയ്യുന്നതിനുവേണ്ടി കേരള ഗവൺമെന്റ് 26-6-1985-ൽ പുറത്തിറക്കിയ വിജ്ഞാപനം റദ്ദുചെയ്യുകയും നിലവിലുള്ള ഷെഡ്യൂൾ റദ്ദാക്കി യാത്രാക്ലേശം ഉണ്ടാകുന്ന നടപടി പിൻവലിക്കുകയും ചെയ്യുക.

3. ശമ്പളപരിഷ്കരണമചർച്ച പൂർത്തീകരിച്ച് ശമ്പളപരിഷ്കരണം ഉടനടി നടപ്പാക്കുന്നതിന് നിലവിലുള്ള കരാർവ്യവസ്ഥ ലംഘിക്കുകയും 2-3-1985, 4-3-1985, 11-3-1985 എന്നീ തീയതികളിൽ ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിയും മാനേജുമെന്റും യൂണിയനുകൾക്ക് നൽകിയ ഉറപ്പ് നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന നിയമവിരുദ്ധമായ നടപടി ഉപേക്ഷിക്കണം.

4. മുൻകാല കരാറും അവാർഡുകളും റദ്ദാക്കാൻ എടുത്ത ഏകപക്ഷീയമായ തീരുമാനം നടപ്പാക്കരുത്. നിലവിലുള്ള കരാറുകളും കീഴ്വഴക്കങ്ങളും അനുസരിച്ച് 1984-85 വർഷത്തേക്ക് ലഭിക്കേണ്ട ബോണസ്സിൽ വിതരണംചെയ്ത എട്ടും മൂന്നിലൊന്നും കഴിച്ചുള്ള ബാക്കി തുക ഉടനടി വിതരണം നടത്തുക. അദ്ധ്വാനഭാരം വർദ്ധിപ്പിക്കുകയും നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും ചെയ്യുക.

(ഡി) നടത്തിയിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഗവൺമെന്റ് അംഗീകൃത യൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള ദീർഘകാല കരാറും എഗ്രിമെന്റുകളും നിഷേധിക്കുന്ന സമീപനം ഗവൺമെന്റ് കൈക്കൊണ്ടതുകൊണ്ടല്ലേ ഇത്തരത്തിലുള്ള ഒരു പണിമുടക്കിന് എല്ലാ യൂണിയനുകളും നോട്ടീസ് നൽകാനിടവന്നത് ?

ശ്രീ. എൻ. സുന്ദരൻനാടാർ: 1982-ൽ ആണ് നിലവിലുള്ള കരാറിന്റെ കാലാവധി കഴിഞ്ഞത്. അതിനുശേഷം പലതവണ കോൺഫറൻസ് നടത്തുകയും ചില കാര്യങ്ങളിൽ ഒത്തുതീർപ്പ് ഉണ്ടാക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ചിടത്തോളം നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ഗവൺമെന്റിന് ചില തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. ആ തീരുമാനങ്ങളാണ് യൂണിയൻ നേതാക്കളെ നോട്ടീസ് അയച്ച് അറിയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കെ. എസ്. ആർ. ടി. സി. നഷ്ടമാണെന്നു പറയുമ്പോഴും കെ. എസ്. ആർ. ടി. സി. സ്ഥാപിക്കുന്നതിനുവേണ്ടി ആകെ ചെലവഴിച്ചത് എത്രകോടി രൂപയാണ്, ഇന്ന് എത്ര കോടിരൂപയുടെ സമ്പത്ത് കെ. എസ്. ആർ. ടി. സി. ക്ക് ഉണ്ട്?

ശ്രീ. എൻ. സുന്ദരൻനാടാർ: കെ.എസ്.ആർ.ടി.സി. യുടെ സമ്പത്ത് വിശദമായി കണക്കാക്കിയിട്ടില്ലെങ്കിലും സമ്പത്തിന്റെ കാര്യത്തിൽ, വളരെ നേട്ടം ഉണ്ടായിട്ടുണ്ട്. 58 യൂണിറ്റ് ആഫീസുകളും അതുപോലെത്തന്നെ സബ് ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും സ്ഥലവും കെട്ടിടവും എല്ലാംകൂടി കണക്കാക്കുമ്പോഴും അനേകകോടി രൂപയുടെ അസ്സെറ്റ് ഉണ്ട്. ആ അസ്സെറ്റ് മാത്രം കണക്കിലാക്കിയാൽ ഡേ ടു ഡേ കാര്യങ്ങളും ചെയ്തുകൊണ്ടുപോകാൻ കഴിയുകയില്ല.

ശ്രീ. സി. വാസുദേവമേനോൻ: അങ്ങ് ചാർജ് എടുത്തതിനു ശേഷം ആദ്യമായിട്ട് ഒരു പണിമുടക്കുസംരംഭം ഉണ്ടാവുകയും അങ്ങയുടെ അതിവിദഗ്ദ്ധമായിട്ടുള്ള ഇടപെടൽകൊണ്ട് അത് തൽക്കാലത്തേക്ക് മാറ്റിവെക്കുകയും ചെയ്തിരിക്കുകയാണ്. അതായത് കെ. എസ്. ആർ. ടി. സി. വിഭജിക്കുക, അദർ ഡ്യൂട്ടി നിർത്തലാക്കുക തുടങ്ങിയിട്ടുള്ള നിരവധി കാര്യങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളത്. ഇതെല്ലാം നീട്ടിവെച്ചിരിക്കുകയാണ്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വല്ലതും ആലോചിച്ചിട്ടുണ്ടോ, ഇനിയും ഒരു പണിമുടക്ക് ഉണ്ടാകാതിരിക്കത്തക്ക രീതിയിൽ ആ പ്രശ്നം പരിഹരിക്കുന്നതിന് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻനാടാർ: ഇനിയൊരു പണിമുടക്ക് ഉണ്ടാകുമെന്ന് ഗവൺമെന്റിന് പ്രതീക്ഷ ഇല്ല. ട്രേഡ്യൂണിയൻ നേതാക്കൻമാരും ഗവൺമെന്റും ചിലകാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കുകയാണ്. ഇന്നത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനും കെ. എസ്. ആർ. ടി. സി. കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ട്രേഡ് യൂണിയന്റെ ഭാഗത്തുനിന്നും, ഗവൺമെന്റിന്, താൽപ്പര്യപൂർവ്വമായ സഹകരണം ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 13-ാം തീയതി ഒരു കോൺഫറൻസ് നടത്തി ഗവൺമെന്റിന്റെ തീരുമാനം വ്യക്തമാക്കിയത്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 16-9-85-ൽ ഒരു കോൺഫറൻസ് നടത്തി ചില ഗൈഡ്ലൈൻസ് ലഭിക്കുകയുണ്ടായി. ആ ഗൈഡ്ലൈൻസിന്റെ ഫലമായി 18-ാം തീയതി ഒരു കോൺഫറൻസ് നടത്തി തൽക്കാലം സമരം ഒഴിവാക്കിയിരിക്കുകയാണ്.

ശ്രീ. സി. വാസുദേവമേനോൻ: അങ്ങ് രാജ്യതാൽപ്പര്യത്തിനുവേണ്ടി നടത്തിയിട്ടുള്ള പരിഷ്കാരങ്ങളും പലതും യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അതായത് യാത്രാസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയതായിട്ട് പെർമിറ്റ് കൊടുക്കരുതെന്ന് ആർ. ടി. ഒ. മാരോട് ഉപദേശിച്ചിട്ടുണ്ട്. ഫ്ളീറ്റ് ഓണേഴ്സിന് മാത്രമേ ഇത്തരം സൗകര്യങ്ങളും ഉണ്ടാകാവൂ, ഉണ്ടാകാൻ പാടുള്ളൂ. ഒന്നോ രണ്ടോ ബസ്സ് സുകര്യമവച്ചിട്ടുള്ള ആളുകൾക്ക് യാത്രാസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഇത് കൊടുക്കാൻപാടില്ലെന്നും എന്തെങ്കിലും കൽപ്പന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻനാടാർ: അങ്ങനെയുള്ള പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ രാജ്യതാൽപ്പര്യമാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരുടെ ലക്ഷ്യം. യാത്രാസൗകര്യം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു ഗവൺമെൻറിനും ശാശ്വതമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഒരു ഗവൺമെൻറിനേയും കുറ്റപ്പെടുത്തുന്നതല്ല. മാറ് എല്ലാ രംഗങ്ങളിലും ചില പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുന്നതിന് സ്വകാര്യമേഖലയിൽ 8,727 ബസ്സുകൾ ഉണ്ടെങ്കിലും (കെ. എസ് ആർ. ടി. സി. യിൽ അടുത്ത കാലത്ത് ടയർ ഇല്ലാത്തതുകൊണ്ട് കുറെ പ്രയാസങ്ങളുണ്ടായിട്ടുണ്ട്) ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട സാമൂഹ്യ—രാഷ്ട്രീയ രംഗത്തെ പ്രവർത്തകരുടെയും എല്ലാ രാഷ്ട്രീയനേതാക്കൻമാരുടെയും. ജില്ലാവികസന സമിതികളുടെയും തീരുമാനമനുസരിച്ച് രണ്ടു സ്ഥലത്ത് ഓവർലാപ്പിംഗ് അവസാനിപ്പിക്കണമെന്ന് ഗവൺമെൻറ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അത് പ്രിലിമിനറി നോട്ടിഫിക്കേഷനെ അയച്ചിട്ടുള്ളൂ. അത് പരിശോധിക്കാൻ ഇനി ഹിയറിംഗ് ഉണ്ട്. അതിനുശേഷമേ നടപ്പിലാക്കാൻ ഒക്കൂ.

ശ്രീ. എൻ. ചന്ദ്രശേഖരൻ കുറുപ്പ്: കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ ടയർ വാങ്ങാൻ കഴിയാത്തതിൻറെ ഫലമായി നൂറുകണക്കിനു ബസ്സുകൾ ഷെഡ്ഡിൽ കിടക്കുകയാണെന്ന് പറയുകയുണ്ടായി. പ്രവർത്തനമൂലധനം കൺസ്ട്രക്ഷൻ മൂലധനമാക്കി മാറിയതിൻറെ ഫലമായിട്ടാണ് ഈ കമ്മി ഉണ്ടായതെന്നുള്ളതല്ലേ ശരി ?

ശ്രീ. എൻ. സുന്ദരൻനാടാർ: അത് ശരിയല്ല. കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം ബസ്സുകളുടെ ടയറും സ്പെയർപാർട്ട്സും സ്പ്രിംഗും എല്ലാം, അപ്പപ്പോൾ ആവശ്യം ഉണ്ടാവുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളെ ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുന്നത് അസെറ്റ്സ് നമുക്ക് വളരെയുണ്ടെങ്കിൽപോലും അക്യുമിലേറ്റഡ് ലോസ് 112.88 കോടി രൂപയാണ്. ഓരോ വർഷം കഴിയുംതോറും കൂടുതൽ നഷ്ടം ഉണ്ടായികൊണ്ടിരിക്കുകയാണ്. ഒരു മാസത്തെ വരവും ചെലവും തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. എൻ. ചന്ദ്രശേഖരൻ കുറുപ്പ്: ബഹുമാനപ്പെട്ടമന്ത്രി മറുപടി പറഞ്ഞത് വേറെയാണ്. ഞാൻ ചോദിച്ചത് പ്രവർത്തനമൂലധനം ഉണ്ടാകുമ്പോൾ Capital head construction head ആക്കിയ അവസരത്തിൽ ടയർ വാങ്ങിക്കാനും സ്പെയർ പാർട്ട്സ് വാങ്ങിക്കാനും പണം ഉണ്ടാകാത്തത് ഇതു കൊണ്ടല്ലേ എന്നാണ്.

ശ്രീ. എൻ. സുന്ദരൻനാടാർ: അല്ല.

ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: ഇന്നുള്ള കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് വിവിധ തൊഴിലാളി യൂണിയനുകളുടെ ഒരു വട്ടമേശ സമ്മേളനം ചേർന്ന് അവരുടെകൂടെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിഹരിക്കാൻ ബഹുമാനപ്പെട്ടമന്ത്രി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻനാടാർ: ഇതുവരെ ഗവൺമെന്റും തൊഴിലാളി യൂണിയനുകളും യാതൊരു വൈരുദ്ധ്യവുമില്ലാതെ പോവുകയാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: കെ. എസ്. ആർ. ടി. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും സർവ്വീസ് കൃത്യമായി ഓപ്പറേറ്റ് ചെയ്തു ജനങ്ങളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുപകരം കെ. എസ്. ആർ. ടി. സി. സ്ഥിരവരുമാനം സമ്പാദിക്കുന്നതിനും ആഡംബരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. ഈ തൊഴിലാളി സമീപനമല്ലേ തൊഴിലാളികളെ ഇത്തരത്തിലുള്ള ഒരു സമരത്തിലേക്ക് തള്ളിവിട്ടത് ?

ശ്രീ. എൻ. സുന്ദരൻനാടാർ: അല്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: അദർ ഡ്യൂട്ടി സമ്പ്രദായം ഇന്ന് നിലവിലുണ്ടോ ? ഈ സമരത്തിനാധാരമായിട്ടുള്ള ഒരു കാര്യം അതുകൂടി അല്ലേ ? അദർ ഡ്യൂട്ടിയുടെ ഭാഗം എന്നുള്ള നിലയിൽ ഇന്ന് പല സ്റ്റേഷൻമാസ്റ്റർ ആഫീസുകളും രാവിലെ ഒൻപതു മണിമുതൽ വൈകിട്ട് അഞ്ചുമണിവരെയാണ് പ്രവർത്തിക്കുന്നത്. ഏറ്റവും കൂടുതൽ യാത്രക്കാർ സഞ്ചരിക്കുന്ന ഈ സമയത്ത് വ്യക്തമായ ഒരു വിവരംപോലും എൻക്വയറിയിൽനിന്ന് ലഭിക്കുന്നില്ല, അതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് യാത്രക്കാർ അനുഭവിക്കുന്നുവെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അടിയന്തിരമായിതന്നെ ആവശ്യമായ അന്വേഷണങ്ങൾക്കുള്ള വിവരമെങ്കിലും കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻനാടാർ: അദർ ഡ്യൂട്ടി സമ്പ്രദായം അവസാനിച്ചു. 1665 ജീവനക്കാരാണ് അദർ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരുന്നത്. അതിൽ 1500—ഓളം ആളുകളെ പഴയ തസ്തികകളിലേക്ക് പറഞ്ഞയച്ചു. കഴിഞ്ഞ കോൺഫറൻസിൽ അദർ ഡ്യൂട്ടി സമ്പ്രദായം നിറുത്തിയതിന് യാതൊരു എതിരും അവർ പുറപ്പെടുവിച്ചില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്, അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ദയവുചെയ്തു ചോദ്യത്തിനു മറുപടി പറയണം. കെ. എസ്. ആർ. ടി. സി. യെ അഞ്ചു പുതിയ യൂണിറ്റുകളായി പുനഃസംവിധാനം ചെയ്യാനുള്ള ഗവൺമെന്റിന്റെ തീരുമാനം ഇപ്പോഴും നിലവിലുണ്ടല്ലോ ; ആ തീരുമാനം തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് അത്, പുനഃപരിശോധനക്ക് വിധേയമാക്കണമെന്ന് കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികളും ഒന്നടങ്കം ആവശ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു പുനർചിന്തക്ക് തയ്യാറാണോ ? തൊഴിലാളികളുടെ ന്യായമായ ഈ കാര്യം പരിഹരിക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. സുന്ദരൻനാടാർ: കെ. എസ്. ആർ. ടി. സി. യെ വിഭജിക്കുന്നില്ലല്ലോ. ചോദ്യം ചോദിച്ചപ്പോഴേതന്നെ വ്യക്തമായ മറുപടി പറയണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അഞ്ച് പുതിയ യൂണിറ്റുകളും ഉണ്ടാക്കുന്നില്ല. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെടുത്തുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കാൻ ഒരാളെ നിയമിച്ചിട്ടുണ്ട്, അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷമേ ഏത് രീതിയിലെന്നുള്ളത് തീരുമാനിക്കുകയുള്ളു. കെ.എസ്.ആർ.ടി.സി.യെ വിജ്ഞാപിക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: റിപ്പോർട്ട് കിട്ടിയതിനുശേഷം മതി. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യബസ്സുടമകൾക്ക് റൂട്ടുകൾ അനുവദിക്കുന്ന നയം ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ; ഈ ഗവൺമെന്റിന്റെ പൊതുവായ നയത്തിന് വിരുദ്ധമായി സ്വകാര്യ പെർമിറ്റുകൾ നൽകുന്ന ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഓർഡർ പിൻവലിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ? പിൻവലിക്കുമോ ?

ശ്രീ. എൻ. സുന്ദരൻനാടാർ: അങ്ങനെ ഓർഡർ നടപ്പിലാക്കിയിട്ടില്ല. ഞാൻ നേരത്തെ ഇത് പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. ഒ. രേതൻ: നിർദ്ദിഷ്ട പണിമുടക്കിന്റെ അടിസ്ഥാനകാരണംതന്നെ ഒരു എഗ്രിമെന്റിന്റെ കാലാവധി അവസാനിക്കുകയും പുതിയ കരാർ പ്രാബല്യത്തിൽ വരാതിരിക്കുകയും ചെയ്യുന്ന കാലയളവിൽ പഴയ കരാറിലെ വ്യവസ്ഥകൾ നിലനിൽക്കണമെന്നുള്ളത് സുപ്രീംകോടതി ഒരു തവണ അല്ല നിരവധി തവണ പറഞ്ഞതാണ്. അത് ഗവൺമെന്റിന് അറിയാമോ ? എങ്കിൽ അതിനു വിപരീതമായി ഏകപക്ഷീയമായ ചില വ്യവസ്ഥകൾ അവിടുത്തെ തൊഴിലാളികളുടെമേൽ അടിച്ചേൽപ്പിക്കുന്നത് നിയമവിധേയമാണോ ? സുപ്രീംകോടതി വിധിക്ക് അനുസരണമാണോ ?

ശ്രീ. എൻ. സുന്ദരൻനാടാർ: 18-ാം തീയതി വിളിച്ചുകൂട്ടിയ കോൺഫറൻസിൽതന്നെ ട്രേഡ്യൂണിയൻ നേതാക്കളും ഗവൺമെന്റും യോജിപ്പിലെത്തിയിരിക്കുകയാണ്. എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതാണ്. എന്ന് അവർക്ക് ഉറപ്പുകൊടുത്തിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ: 15-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിലെ ഗൈഡ്ലൈൻസ് അനുസരിച്ച് 18-ാംതീയതി തൊഴിലാളി യൂണിയനുകളുമായി ഉണ്ടാക്കിയ കരാർ എന്തൊക്കെയാണ് ? അത് നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതിന് ഇതിനകം ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. എൻ. സുന്ദരൻനാടാർ: അതിന്റെ ഫലമായി നവമ്പർ ഒന്നാം തീയതിക്കുമുൻപ് പുതിയ കരാർ ഉണ്ടാക്കുന്നതാണെന്ന് അവർക്ക് ഉറപ്പു നൽകുകയുണ്ടായി. 26-ാം തീയതി മാനേജ്മെന്റ് തലത്തിൽ കോൺഫറൻസ് നടത്തുന്നതാണ്. ചില അപാകതകൾ ഉണ്ടെന്നു പരാതി രേഖാമൂലം നൽകുകയാണെങ്കിൽ അതു പരിശോധിച്ച് പരിഹാരം ഉണ്ടാക്കാം എന്നും ഉറപ്പുനൽകിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പണിമുടക്കു പിൻവലിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly